Circular No.3/Gen/2022

# ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

ദേവലോകം, കോട്ടയം – 686 004
Ph: 0481 2572890, website: ossae.org, e-mail: dgossae@gmail.com
for online classes: ossaebodhanam.org

## വിജ്ഞാപനം

### വേദപ്രവീൺ ഡിപ്ലോമ പ്രൈവറ്റ് പരീക്ഷ 2022

സൺഡേസ്കൂൾ അധ്യാപകരെയും വേദപ്രവീൺ ഡിപ്ലോമ കോഴ്സിൽ ചേർന്നു പഠിക്കുവാൻ സാധിച്ചിട്ടില്ലാത്തവരെയും ഉദ്ദേശിച്ച് OSSAE നടത്തുന്ന പ്രൈവറ്റ് പരീക്ഷ, പരീക്ഷാ ബോർഡ് തീരുമാനം അനുസരിച്ച് 22 മെയ് 2022, ഞായറാഴ്ച മൂന്നു മണിക്ക് വിവിധ സെന്ററുകളിൽവച്ച് MCQ മാതൃകയിൽ നടത്തുന്നതാണ്.

### പരീക്ഷ എഴുതുവാനുള്ള യോഗ്യത

19 വയസ് പൂർത്തീകരിച്ചിട്ടുള്ളവർക്ക് സൺഡേസ്കൂൾ പത്താംക്ലാസ് പരീക്ഷ പാസ്സായിട്ട് രണ്ടു വർഷം കഴിഞ്ഞാൽ ഈ പരീക്ഷയ്ക്കു ചേരാവുന്നതാണ്.

സൺഡേസ്കൂളിലെ റഗുലർ അധ്യാപകർക്കും നാല്പതു വയസ്സു പൂർത്തീകരിച്ചവർക്കും നേരിട്ട് ഈ പരീക്ഷയിൽ സംബന്ധിക്കാവുന്നതാണ്.

അതതു ഭദ്രാസനമെത്രാപ്പോലീത്തായുടെ അനുവാദത്തോടെ മേൽപ്പറഞ്ഞ നിബന്ധനകൾക്ക് ഇളവു വരുത്തുവാൻ ഡയറക്ടർ ജനറലിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്.

### രജിസ്ട്രേഷൻ

പ്രസ്തുത പരീക്ഷ എഴുതുവാൻ താല്പര്യമുള്ളവർക്ക് 2022 മാർച്ച് 20 മുതൽ 31 വരെയുള്ള തീയതികളിൽ ഓൺലൈൻ ആയി രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഫീസ് Rs. 100 അടയ്ക്കുവാനുള്ള സൗകര്യവു രജിസ്ട്രേഷൻ പോർട്ടലിൽ ഉണ്ടായിരിക്കും.

### പരീക്ഷ

11, 12 ക്ലാസ്സുകളിലെ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള 90 മിനിട്സ് ദൈർഘ്യമുള്ള 90 മാർക്കിന്റെ പരീക്ഷയാണ് നടത്തുക. പ്രോജക്ട്, ഓറിയന്റേഷൻ റിപ്പോർട്ട് എന്നിവയുടെ 10 മാർക്ക് ഉൾപ്പെടെ ആകെ 100 മാർക്ക്.

### പരീക്ഷയ്ക്കു മുമ്പായി ചെയ്തിരിക്കേണ്ടവ

1. ഏതെങ്കിലും സൺഡേസ്കൂൾ ക്ലാസ് മൂന്നു മണിക്കൂറെങ്കിലും പഠിപ്പിച്ചിട്ടുള്ളതായി ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് സാക്ഷ്യപ്പെടുത്തണം.
2. ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സിന്റെ മേൽനോട്ടത്തിൽ തൃപ്തികരമായി ചെയ്ത പ്രൊജക്ടിന്റെ റിപ്പോർട്ട് ഏപ്രിൽ 30 നു മുമ്പു OSSAE കേന്ദ്ര ഓഫീസിൽ ഡയറക്ടർ മുഖാന്തിരം എത്തിക്കണം.
3. ഡയറക്ടർ നടത്തുന്ന ഒരു ഓറിയന്റേഷൻ കോഴ്സിൽ പങ്കെടുത്തതിന്റെ റിപ്പോർട്ടും മേൽപറഞ്ഞ പ്രോജക്ട് റിപ്പോർട്ടിനോടൊപ്പം എത്തിക്കണം (ഡയറക്ടർക്ക് ഇന്നത്തെ സാഹചര്യത്തിൽ ഓറിയന്റേഷൻ കോഴ്സ് ക്രമീകരിക്കുവാൻ ബുദ്ധിമുട്ട് ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ അനുവാദത്തോടെ ഇപ്പോൾ bodhanam site ൽ ഉള്ള ഓറിയന്റേഷൻ കോഴ്സിന്റെ റിപ്പോർട്ട് തയ്യാറാക്കാവുന്നതാണ്.

ഇവ മൂന്നും തൃപ്തികരമായി പൂർത്തീകരിച്ചവർക്കു മാത്രമേ പരീക്ഷ എഴുതുവാൻ അർഹതയുണ്ടായിരിക്കുകയുള്ളു.

പരീക്ഷയുടെ പരിശീലന വീഡിയോയും മാതൃകാ ചോദ്യങ്ങളും ossaebodhanam website ലും youtube ലും പ്രസിദ്ധീകരിക്കുന്നതാണ്

ദേവലോകം
22-02-2022

വർഗീസ് വർഗീസച്ചൻ
ഡയറക്ടർ ജനറൽ